# കോവിഡിനെ നമുക്ക് ഒരുമയോടെ പ്രതിരോധിക്കാം

ലോകത്തെ ആകെ ഗ്രസിച്ചിരിക്കുന്ന ദുരന്തമാണ് കോവിഡ് 19 എന്ന മഹാമാരി. നമ്മുടെ രാജ്യത്ത് ഇത് ആദ്യമായി കണ്ടെത്തിയത് 2020 ജനുവരിയിലാണ്, അത് കേരളത്തിൽ ആയിരുന്നു. കോവിഡ് 19-ന് എതിരെ അന്നു മുതൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശക്തമായ പ്രതിരോധം സൃഷ്ടിച്ചുവരുകയാണ്. അതിന്റെ ഫലമായാണ്, നമ്മുടെ രാജ്യത്ത് ആകമാനവും പ്രത്യേകിച്ച് കേരളത്തിലും രോഗവ്യാപനം ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞത്. കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകളുടെ ശക്തമായ പ്രതിരോധപ്രവർത്തനങ്ങളും ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും കൊണ്ടാണ് ഇത് സാധിച്ചതെന്നു പറയാതെവയ്യ.

മറ്റു ചില രാജ്യങ്ങളിലെന്നപോലെ നമ്മുടെ രാജ്യത്തും കോവിഡ് രണ്ടാം തരംഗം വീണ്ടും ആഞ്ഞടിക്കുകയാണ്. അതിനെ പ്രതിരോധിക്കാൻ വേണ്ടത്ര കരുതൽ സ്വീകരിക്കാൻ നമുക്ക് സാധിച്ചില്ല എന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് ഇതിന്റെ വ്യാപനം വഴി കൂടുതൽ ആഘാതം ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്താവട്ടെ, രോഗവ്യാപനത്തിന്റെ പ്രതിദിനസംഖ്യ, കോവിഡ് ഒന്നാംഘട്ടത്തിൽനിന്ന് വ്യത്യസ്തമായി, നാലിരട്ടിയോളം വർദ്ധിച്ചുകഴിഞ്ഞു. ക്രമാതീതമായ ഈ വർദ്ധനവിനുള്ള കാരണം ഇക്കഴിഞ്ഞ അസംബ്ലിതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ, കരുതലോ ശ്രദ്ധയോ ഇല്ലാത്ത ജനങ്ങളുടെ നിരന്തര സമ്പർക്കമാണ്. കോവിഡ് പ്രതിരോധത്തിനുള്ള ശക്തമായ നിബന്ധനകളും നിർദ്ദേശങ്ങളും നിലവിലുണ്ടായിരുന്നെങ്കിലും, അവ പാലിക്കുന്നതിൽ രാഷ്ട്രീയനേതാക്കളടക്കമുള്ള പാർട്ടിപ്രവർത്തകരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് ഇതിനു കാരണം എന്നു പറയാതെ വയ്യ. അതുകൊണ്ടാണ് രോഗവ്യാപനം ഇത്രകണ്ട് വർദ്ധിക്കാനിടയായത്. നമ്മുടെ സംസ്ഥാനത്ത് കോവിഡ് പോസിറ്റിവിറ്റി നിരക്ക് 5-ൽ താഴെ നിന്നത് ഇപ്പോൾ 25-ന് മുകളിലായിക്കഴിഞ്ഞു.

ശീഘ്രഗതിയിലുള്ള ഈ വ്യാപനം തടയുന്നതിന് കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകളുടെ കൂട്ടായ പ്രവർത്തനവും നിയന്ത്രണവും ജനങ്ങളുടെ സഹകരണവും ആണ് ഇപ്പോൾ ആവശ്യം. കരുതൽ കുറഞ്ഞ സാഹചര്യത്തിൽ ഓക്സിജന്റെ അഭാവം ചില സംസ്ഥാനങ്ങളിൽ ഉണ്ടായത് പരിഹരിക്കാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ അടിയന്തിരമായി സ്വീകരിച്ചു എന്നത് സ്വാഗതാർഹമാണ്.

കോവിഡ് വാക്സിന്റെ വിതരണത്തിൽ നമ്മുടെ സംസ്ഥാനവും കേന്ദ്രവുമായി ചില ആശയക്കുഴപ്പം നിലനില്ക്കുന്നു എന്നത് ഖേദകരമാണ്. നമ്മുടെ സംസ്ഥാനത്ത് 45 വയസ്സിനു മുകളിലുള്ളവർക്ക് സൗജന്യവാക്സിൻ കേന്ദ്രം വിതരണം ചെയ്തു എന്നാണ് അറിയുന്നത്. കേന്ദ്രഗവണ്മെന്റും സംസ്ഥാനഗവണ്മെന്റും തമ്മിലുള്ള ആശയക്കുഴപ്പങ്ങളും തർക്കങ്ങളും പരിഹരിച്ച്, കോവിഡ് മഹാമാരിയിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനായി തുറന്ന മനസ്സോടുകൂടിയുള്ള നടപടികൾ ഇരുപക്ഷത്തുനിന്നും ഉണ്ടാകണമെന്നാണ് ജനം പ്രതീക്ഷിക്കുന്നത്.

ആവശ്യമെങ്കിൽ സംസ്ഥാനം നേരിട്ട് സമാഹരിച്ചാണെങ്കിലും ജനങ്ങൾക്ക് വാക്സിൻ നല്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് സംസ്ഥാനസർക്കാർ ചെയ്യേണ്ടത്.

വാക്സിനും കൂടുതൽ ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കുന്നതിനും നിയന്ത്രണങ്ങൾ കർശനമാക്കുന്നതിനും സർക്കാരുകൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജനങ്ങളുടെ സഹകരണമാണ് ഏറ്റവും മുഖ്യമായിട്ടുള്ളത്.